# Travancore Malayalee Council
## Gulf Chapter
www.tmcgulf.com

**President**
**Abraham P Sunny**
**Mob. +971 50 6260794**
**Mob. +91 94477 36707**
sunny@blacktulipflowers.ae

**General Secretary**
**Daies Idiculla**
**Mob. +971 50 6980613**
**Mob. +91 984750 6466**
**daiesidiculla@yahoo.com**

---

**Date :2/2/2011**

ദുബായ്: തിരുവിതാംകൂർ രാജവംശത്തിന്റെ ചരിത്രവും സംസ്കാരവും പള്ളിയുറങ്ങുന്ന ശ്രീപത്മനാഭസ്വാമിക്ഷേത്രത്തെ അപകീർത്തിപ്പെടുത്തുന്ന ശ്രമങ്ങൾ അധാർമികവും ചരിത്രപാരമ്പര്യത്തോടുള്ള നിഷേധവും ആണെന്ന് തിരുവിതാംകൂർ മലയാളി കൗൺസിൽ ഗൾഫ് ചാപ്റ്റർ ആരോപിച്ചു. തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്നും ക്ഷേത്രഭരണ ചുമതല ഒഴിവാക്കാൻ നടത്തുന്ന ശ്രമങ്ങൾ ആചാരങ്ങളുടെ ലംഘനമാണെന്ന് പ്രസിഡന്റ് ഏബ്രഹാം പി സണ്ണിയും ജനറൽ സെക്രട്ടറി ഡയസ് ഇടിക്കുളയും കുറ്റപ്പെടുത്തി.

ക്ഷേത്ര ഭാരതവർഷത്തിലെ 108 വൈഷ്ണവ ആരാധനാ കേന്ദ്രങ്ങളിലൊന്നാണ് പത്മനാഭസ്വാമിക്ഷേത്രം. തിരുവിതാംകൂർ രാജവംശത്തിന്റെ കുലദൈവമായ പത്മനാഭസ്വാമിയ്ക്ക് 1750 ജനുവരി മൂന്നിന് അനിഴം തിരുനാൾ മാർത്താണ്ഡവർമ തിരുവിതാംകൂർ തിരുവിതാംകൂർ രാജ്യം സമർപ്പിച്ചതോടെ രാജവംശവും ക്ഷേത്രവും തമ്മിലുള്ള ബന്ധം ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി മാറി. ക്ഷേത്രത്തിലെ ആചാരങ്ങളിൽ പത്നനാഭദാസനെന്ന നിലയിലാണ് തിരുവിതാംകൂർ രാജാവ് പങ്കെടുക്കുന്നത്. ക്ഷേത്ര നിലവറയിൽ സൂക്ഷിച്ചിരിക്കുന്ന അമൂല്യങ്ങളായ വസ്തുക്കൾ പത്മനാഭസ്വാമിയ്ക്ക് സമർപ്പിച്ച കാണിക്കയാണ്.

രാജ്യഭാരം ഏൽക്കുന്ന തിരുവിതാംകൂർ രാജാക്കൻമാർ രാജ്യനന്മയയ്ക്കായി ഭഗവത് സന്നിധിയിൽ സമർപ്പിച്ച വസ്തുക്കൾ വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും ഭാഗമാണ്. ക്ഷേത്ര നിലവറയിലുള്ള ഇത്തരം വസ്തുക്കൾ പവിത്രമായി സൂക്ഷിയ്ക്കുന്ന തിരുവിതാകൂർ രാജകുടുംബത്തിനെതിരെ നടത്തുന്ന നിയമനടപടികൾ ഗൂഢാലോചനയുടെ ഭാഗമാണ്. തിരുവിതാംകൂർ രാജകുടുംബത്തിൽ നിന്നും ക്ഷേത്രഭരണ ചുമതല ഒഴിവാക്കാൻ നടത്തുന്ന ശ്രമങ്ങൾ ആചാരങ്ങളുടെ ലംഘനമാണ്.ആചാരങ്ങ

ളെയും അനുഷ്ഠാനങ്ങളെയും ടൂറിസം വരുമാനത്തിന് പ്രദർശന വസ്തുക്കളാക്കാൻ ശ്രമിക്കുന്നത് പ്രതിഷേധാർഹമാണ്. തിരുവിതാംകൂറിന്റെ ചരിത്ര പാരമ്പര്യ സംരംക്ഷണത്തിന് കൂട്ടായ്മ രൂപീകരിക്കാൻ മുഖ്യമന്ത്രിക്കു നിവേദനം നൽകാനും ചാപ്റ്റർ യോഗം തീരുമാനിച്ചു.

യോഗത്തിൽ പ്രസിഡന്റ് ഏബ്രഹാം പി. സണ്ണി, ജനറൽ സെക്രട്ടറി ഡയസ് ഇടിക്കുള, രമേശ് കൊട്ടാരത്തിൽ, ദിലീപ് ചെറിയാൻ, ബ്ളസൻ ഈട്ടിക്കാലായിൽ, പി.എൻ സഹദേവപണിക്കർ, ഫിലിപ്പ് ഈശോ, കവിത മേനോൻ എന്നിവർ പ്രസംഗിച്ചു.